62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 956 Participant Code: 130

കവിത

വിഷയം: തനിച്ചിരിക്കുമ്പോൾ ഓർമിക്കുന്നത്

# ഒച്ചയില്ലാത്ത നിലവിളികൾ

മൗനമുറഞ്ഞ താഴ്‌വരകളിൽ
വിരുന്നുവരാൻ മടിച്ച്
വസന്തം കടലാഴങ്ങളിൽ
ഒളിച്ചിരിപ്പാണ്....
വിശപ്പുതിന്ന് മരിച്ചുപോയ
മനുഷ്യരുടെ ഉടലോളം
ചുളിവീണ സ്വപ്നങ്ങൾക്ക്
കാവലിരുന്ന മടുത്തു!
മതം പൊട്ടി ചിതറിത്തെറിച്ചവർ:::
മദമിളകി കുലം മുടിച്ചവർ:::
പകപെരുത്ത പ്രണയത്തിൽ
പുകഞ്ഞുപോയവർ:::
ഓർമയുടെ
ഞരമ്പ് തേടിയുള്ള യാത്രയിൽ
നീര് വറ്റി, ചുളിഞ്ഞുപോയ ജന്മങ്ങൾ::::

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ബലിക്കല്ലുകൾ

അറവുകാരനെ കാത്തിരിപ്പാണ്

നിധികുംഭങ്ങൾ തേടി

യാത്ര തിരിക്കുമ്പോൾ

തീർച്ചയായും

മനുഷ്യമാംസം ചവച്ചുതന്നെ തിന്നണം!!

കുടലാഴങ്ങൾ പോലും

മതികെട്ട് മദിച്ചാടണം

കറയും മണവും വറ്റാതെ

മണ്ണിലലിയാൻ മടിച്ച്

ചോരത്തുള്ളികൾ

ശവക്കുന്നുകൾക്കിടയിൽ നിന്ന്

വറ്റിവരണ്ട മുലഞെട്ടിൽ

ഒറ്റദിവസം കൊണ്ട്

വിശപ്പിനെ പിടിച്ചുകെട്ടാൻ

പഠിച്ച കുഞ്ഞ്,

എനിക്കെന്റെ ജീവൻ

തിരികെ വേണമെന്ന്

കരഞ്ഞു കേഴുന്നു.

Item Code: 956 Participant Code: 130

കണ്ണീർ ചൂടേറ്റ്
കൊത്തളങ്ങളിൽ കോപ്പുകൂട്ടുന്നവർ
വിറച്ചു വീണേക്കാം!
കോട്ടവാതിലുകൾക്ക്
തീപിടിച്ചേക്കാം!
കരിയിലകൾക്കിടയിൽ
കനൽ മുളച്ചേക്കാം!
അതുവരെ നീ
സഹിച്ചു തീർക്കുക!!
അതുവരെ മാത്രം,
ഉടലാഴങ്ങളിൽ
ഒളിച്ചും, പതുങ്ങിയും
അങ്ങനെ....
അങ്ങനെ....